(ഡി) സർക്കാർ അനുവദിച്ച 30 ഏക്കർ സ്ഥലത്തിൽ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായി. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ സംയുക്ത സംരംഭമായ സയൻസ് സെന്ററിന്റെ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെയും എക്സിബിഷൻ ബ്ലോക്കിന്റെയും പണി പുരോഗമിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയത്തിന്റെ സഹായത്തോടെ നടപ്പാക്കിവരുന്നു. സ്പേസ് തിയേറ്റർ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ശാസ്ത്ര സാങ്കേതിക മ്യൂസിയം ആരംഭിച്ചിട്ടുണ്ട്. മോഷൻ സിമുലേറ്റർ, എൻട്രൻസ് പ്ലാസാ, ഓപ്പൺ എയർ ആംഫി തിയേറ്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ സൈറ്റ് ഓഫീസ് അവിടെ പ്രവർത്തിച്ചുവരുന്നുണ്ട്.

കൊരട്ടി പോളിടെക്നിക് കോളേജിൽ മെക്കാനിക്കൽ, സിവിൽ ബ്രാഞ്ചുകൾ അനുവദിക്കുന്നതിന് നടപടി

102 (3842) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗവൺമെന്റ് പോളിടെക്നീക് കോളേജിൽ മെക്കാനിക്കൽ, സിവിൽ ബ്രാഞ്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പുതുതായി നിർമ്മിച്ച്, ഉദ്ഘാടനം നിർവ്വഹിച്ച കൊരട്ടി പോളിടെക്നിക് കോളേജിലെ വനിതാ ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം മാത്രമേ ഈ വിഷയത്തിൽ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കുകയില്ല. കുടുംബശ്രീ യൂണിറ്റിന്റെയും എക്സ്-സർവ്വീസ്മെൻ സംഘടനകളുടെയും സേവനം ലഭ്യമാക്കി ഹോസ്റ്റൽ പ്രവർത്തിപ്പിക്കുവാൻ ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly